# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 411 | 04/02/14-ൽ മറുപടിക്ക്

## പാഴായിപോകുന്ന ഭക്ഷ്യ വസ്തുക്കൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് :<br>" ടി. എ. അഹമ്മദ് കബീർ :<br>" കെ. എം. ഷാജി :<br>" കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഉല്പാദിപ്പിക്കപ്പെടുന്ന ഭക്ഷ്യ വിഭവങ്ങളിൽ ശരാശരി മൂന്നിലൊന്നോളം ഭാഗം പാഴായിപ്പോകുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നതോ, അന്യ സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടു വരുന്നതോ ആയ ഭക്ഷ്യ വസ്തുക്കളിൽ എത്രത്തോളം പാഴായിപ്പോകുന്നുണ്ടെന്നതിന്റെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) കേരളത്തിൽ അത്തരത്തിലുള്ള ഒരു വിവര ശേഖരണം നടത്തിയിട്ടില്ല. എന്നാൽ ഇന്ത്യയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പഴം-പച്ചക്കറി വർഗ്ഗങ്ങളിൽ ശരാശരി 25-30 ശതമാനം വിനിയോഗിക്കപ്പെടാതെ പാഴായിപോകുന്നുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. |
| സി) ഭക്ഷ്യ വിഭവങ്ങൾ പാഴാകുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനും അവയുടെ സംരക്ഷണക്കാര്യത്തിലും | സി) ഭക്ഷണം പാഴാക്കുന്നതിനെതിരെ വിദ്യാർത്ഥികളുടെ ഇടയിൽ അവബോധം വളർത്തുന്നതിന് ഉപഭോക്തൃ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തു |

കാര്യക്ഷമമായ ഉപയോഗ ക്രമം സ്വീകരിക്കുന്ന കാര്യത്തിലും അവബോധം വളർത്തുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ ?

ന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ, ഭക്ഷണം പാഴാക്കുന്നതിനെ തിരെയുള്ള ബോധവത്കരണ പ്രവർത്ത നങ്ങൾ, സ്കൂൾ കൺസ്യൂമർ ക്ലബ് രൂപീകരണം സംബന്ധിച്ച മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

ഭക്ഷ്യ വിഭവങ്ങളുടെ സംരക്ഷണ കാര്യത്തിലും കാര്യക്ഷമമായ ഉപയോഗക്രമം സ്വീകരിക്കുന്ന കാര്യത്തിലും കൃഷി വകുപ്പ് താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

കേരള കാർഷിക സർവ്വകലാശാല യുടെ വിവിധ കേന്ദ്രങ്ങളിൽ രജിസ്ട്രേഷനുള്ള സംസ്കരണ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ ധന സഹായത്തോടെ, പാലക്കാട് ജില്ലയിലെ സംഘമിത്ര, ഗ്രോഗ്രീൻ, തുടങ്ങിയ സ്വയം സഹായ സംഘങ്ങൾ ചക്കയുടെ സംസ്കരണ യൂണിറ്റുകൾ വിജയകരമായി നടത്തി വരുന്നുണ്ട്. പത്തനംതിട്ടയിലെ കാർഡ് കൃഷി വിജ്ഞാന കേന്ദ്രം മുഖേന ചക്കയുടെ സംസ്കരണ യൂണിറ്റും അതിനാവശ്യമായ യന്ത്രസാമഗ്രികളും സജ്ജമാക്കുന്നുണ്ട്. കർഷകർക്ക് പ്രസ്തുത വിഷയത്തിൽ പരിശീലനവും ഈ സ്ഥാപനം നൽകുന്നുണ്ട്. മൂവാറ്റുപുഴയിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ-ന്റെ യൂണിറ്റായ നടുക്കര അഗ്രോ പ്രോസസ്സിംഗ് ഫാക്ടറിയിൽ പൈനാപ്പിൾ, മാങ്ങ തുടങ്ങിയ പഴങ്ങളുടെ സംസ്കരണം നടത്തുന്നുണ്ട്. കൃഷി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ മലബാർ റൂറൽ ഡെവലപ്പ്മെന്റ് ഫൗണ്ടേഷൻ മുഖേന പഴം-പച്ചക്കറികളുടെ സംഭരണത്തിനും മൂല്യ വർദ്ധനവിനും സഹായിക്കുന്ന പദ്ധതികൾ 2012-13 മുതൽ വയനാട്-കോഴിക്കോട്

ജില്ലകളിൽ നടപ്പിലാക്കി വരുന്നു, ഇതിനു പുറമെ കൃഷി വകുപ്പിന്റെ കീഴിലുള്ള ആറുമൊത്ത വ്യാപാര വിപണികളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴങ്ങളും പച്ചക്കറികളും നേരിട്ട് കൊണ്ടുവന്ന് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സജ്ജമാക്കി യിട്ടുണ്ട്. ഇത്തരത്തിൽ ഓരോ വിപണിയിലും നിശ്ചിത ദിവസങ്ങളിലൂടെ നടത്തുന്ന ലേലങ്ങളിൽ കർഷകർക്ക് ഇടനിലക്കാരെ, ഒഴിവാക്കിക്കൊണ്ട്, നേരിട്ട് ഉല്പന്നങ്ങൾ കൃത്യസമയത്ത് വിറ്റഴിക്കുവാൻ സാധിക്കുന്ന തുമൂലം പഴങ്ങളും, പച്ചക്കറികളും പാഴാ കാതെ വിപണനം നടത്തുന്നതിന് സാധി ക്കുന്നു. കൂടാതെ മൊത്ത വ്യാപാര വിപണികളിലെ കോൾഡ് സ്റ്റോറേജുകളും കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ പാഴാകാതെ വിപണനം നടത്തുന്നതിന് ഉപകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**